55 (55) റിട്ടയർ ചെയ്തവരുടെ പുനർനിയമനം

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിട്ടയർ ചെയ്ത എത്രപേരെ സംസ്ഥാന സർക്കാരിന്റെ വിവിധതലങ്ങളിൽ നിയമിച്ചിട്ടുണ്ട്;

(ബി) ഇവർ ആരെല്ലാമെന്നും ഇവരെ ഏതെല്ലാം സ്ഥാപനങ്ങളിൽ നിയമിച്ചു എന്നും അറിയിക്കുമോ;

(സി) ഇവർക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എത്രവീതം ആണ്;

(ഡി) പുനർനിയമനം നൽകിയ ആർക്കെങ്കിലും നിയമന കാലാവധി നീട്ടി നൽകിയിട്ടുണ്ടോ;

(ഇ) ഇപ്രകാരം അനെർട്ട് ഡയറക്ടറുടെ കാലാവധി നീട്ടി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ)മുതൽ (ഡി)വരെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) അനെർട്ട് ഡയറക്ടറുടെ കാലാവധി നീട്ടി നൽകുവാൻ ഉദ്ദേശമില്ല.

56 (56) നാവിക വിപ്ലവത്തിൽ പങ്കെടുത്തവർക്കുള്ള പെൻഷൻ

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1946-ലെ നാവിക വിപ്ലവത്തെ തുടർന്ന് ഇൻഡ്യൻ നേവിയിൽ നിന്നും പിരിച്ചുവിടപ്പെട്ട നാവികർക്ക് സംസ്ഥാന സർക്കാർ സ്വാതന്ത്ര്യസമര പെൻഷൻ അനുവദിച്ചിട്ടുണ്ടോ;

(ബി) 1997 ഡിസംബറിൽ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ച പി. പുരുഷോത്തമൻ, ഹൗസ് നമ്പർ 13/887, കരുവേലിപ്പടി, കൊച്ചി-5 എന്ന സ്വാതന്ത്ര്യസമരസേനാനിക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) 1946-ലെ നാവിക വിപ്ലവത്തിൽ പങ്കെടുത്തവരിൽ ഇന്ന് ജീവിച്ചിരിപ്പുള്ള ചുരുക്കം ചില സ്വാതന്ത്ര്യസമരസേനാനികൾക്ക് എത്രയുംവേഗം പെൻഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപേക്ഷ പരിഗണനയിലാണ്.

(സി) സ്വീകാര്യമായ രേഖകൾ സഹിതം അപേക്ഷിക്കുന്നവർക്ക് കാലവിളംബം കൂടാതെ പെൻഷൻ അനുവദിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly